വിവരാവകാശം

ഇ–7458/17 (2)

ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ കാര്യാലയം
പൂജപ്പുര തിരുവനന്തപുരം
തീയതി 15–11–2017

പബ്ളിക്ക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാ സാമൂഹ്യ നീതി ഓഫീസർ
തിരുവനന്തപുരം

Smt. Lakshmi. S,
Mundackal House,
Manary P O,
Payipra,
Muvattupuzha, 686673

സർ,

വിഷയം – സാമൂഹ്യ നീതി വകുപ്പ് – ജില്ലാ സാമൂഹ്യ നീതി ഓഫീസ്, തിരുവനന്തപുരം – വിവരാവകാശ നിയമം 2005 – സൂപ്പർവൈസർ നിയമനം – സംബന്ധിച്ച്

സൂചന – 1.വിവരാവകാശ നിയമം 2005 പ്രകാരമുള്ള താങ്കളുടെ 08–11–2017 തീയതിയിലെ അപേക്ഷ
2.ഈ കാര്യാലയത്തിലെ ഇതേ തീയതിയിലെ കത്ത് നം. ഇ–7458/17

വിവരാവകാശ നിയമം 2005 പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമായ താങ്കളുടെ അപേക്ഷയിന്മേലുള്ള മറുപടി ചുവടെ ചേർക്കുന്നു.

സാമൂഹ്യ നീതി വകുപ്പിലെ ഐസിഡിഎസ് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിയമനം, അവധി, ജോലിയിൽ പ്രവേശിക്കാത്തത് സംബന്ധിച്ച വിവരം, വിടുതൽ എന്നീ വിഷയങ്ങളാണ് താങ്കൾ വിവരാവകാശ നിയമം പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്. സാമൂഹ്യ നീതി വകുപ്പിലെ ഐസിഡിഎസ് സൂപ്പർവൈസർ തസ്തികയിലെ നിയമനാധികാരി സാമൂഹ്യ നീതി ഡയറക്ടറാണ്. ആയതിനാൽ ഇതു സംബന്ധിച്ച വിവരങ്ങൾ സാമൂഹ്യ നീതി ഡയറക്ടറിൽ നിന്നും താങ്കൾക്ക് ലഭിക്കുന്നതാണ്. സൂചനിയിലെ അപേക്ഷ സൂചന (2) പ്രകാരം സാമൂഹ്യ നീതി ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

പ്രസ്തുത മറുപടി തൃപ്തികരമല്ലെങ്കിൽ അപ്പലേറ്റ് അതോറിറ്റിയായ റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ, സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്), പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ

Rajan

പബ്ളിക്ക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാ സാമൂഹ്യ നീതി ഓഫീസർ
തിരുവനന്തപുരം